കൂടി നൽകണമെന്ന് റയിൽവേ ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ വാർഷിക മെയിന്റനൻസിന് കൊല്ലത്തിൽ 3.50 ലക്ഷം രൂപയോ അല്ലെങ്കിൽ മൊത്തമായി 45 ലക്ഷം രൂപയോ കൂടി അടയ്ക്കണമെന്ന് റയിൽവേ ആവശ്യപ്പെട്ടിട്ടുണ്ട്. ഈ കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

**കേരള ഗവൺമെന്റ് സർട്ടിഫിക്കറ്റ് എക്സാമിനേഷൻ ഇൻ എൻജിനിയറിംഗ്**

**106 (3747)** ശ്രീ. ടി. എസ്. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഗവൺമെന്റ് സർട്ടിഫിക്കറ്റ് എക്സാമിനേഷൻ ഇൻ എൻജിനിയറിംഗ് പരീക്ഷ നടത്തുന്നതിൽ വർഷം തോറുമുണ്ടാവുന്ന കാലതാമസം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പരീക്ഷാ നടത്തുന്നതിലുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ ;

(സി) ക്ലാസ് കഴിഞ്ഞാൽ ഉടൻ പരീക്ഷ നടത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആൾ കേരളാ സാങ്കേതിക സ്ഥാപനങ്ങളുടെ (പ്രൈവറ്റ്) അസോസിയേഷൻ ഒ. പി. 16141/96 ഫയൽ ചെയ്തിരുന്നതിനാൽ പരീക്ഷയ്ക്ക് കാലതാമസം നേരിട്ടു.

(സി) പരീക്ഷ കൃത്യമായി നടത്തുവാനുള്ള എല്ലാ നടപടിയും സ്വീകരിച്ചിട്ടുണ്ട്.

**തൊടുപുഴ പി. ഡബ്ലിയു.ഡി. ടി. ബി.ക്ക് പുതിയ വർക്കുകൾ**

**107 (3748)** ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊടുപുഴ പി.ഡബ്ല്യു.ഡി., ടി.ബി. യുടെ പുതിയ വർക്കുകൾക്ക് മൊത്തം എത്ര രൂപ ചെലവായി എന്ന് വ്യക്തമാക്കുമോ ;

(ബി) പഴയ ടി. ബി.യോട് ചേർന്ന് പുതിയ റൂമുകളും മറ്റും ഉണ്ടാക്കിയതിന് കരാർ ഏറ്റെടുത്തത് ആരായിരുന്നു ; അടങ്കൽ തുക എത്ര ; ഏതെല്ലാം വർക്കുകളായിരുന്നു ഉൾക്കൊള്ളിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ജോലികളുടെ ഭരണാനുമതിയും പ്രത്യേക അനുമതിയും നൽകിയ ഉത്തരവുകളുടെ നമ്പരും തീയതിയും വെളിപ്പെടുത്തുമോ ;

(ഡി) തൊടുപുഴ ടി.ബി.ക്ക് അഡീഷണൽ റൂമുകൾ പണിയാനുള്ള നിർദ്ദേശം നൽകിയത് എന്നാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ആ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ?

ഉത്തരം

(എ) 23 ലക്ഷം രൂപ

(ബി) കെ. രമേഷ് ബാബു, ലക്ഷ്മി ഭവനം, മൂവാറ്റുപുഴ.

അടങ്കൽ തുക - 23,78,013 രൂപ

നാലു മുറികൾ വീതം രണ്ടു നില കെട്ടിടങ്ങളും അതിലെ സൗകര്യങ്ങളും ആണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്.

(സി) 10-11-1997-ലെ ജി. ഒ. (ആർ.ടി.) 1327/97/പോ.മ.വ. പ്രകാരം ഭരണാനുമതിയും 11-3-1999-ലെ ജി. ഒ. (ആർ.ടി.) 238/99/പൊ.മ.വ പ്രകാരം പ്രത്യേകാനുമതിയും നൽകി.

(ഡി) 11-3-1999-ൽ പ്രത്യേകാനുമതി നൽകിയതനുസരിച്ച് പണി തുടങ്ങാനുള്ള നടപടികൾ ആരംഭിച്ചു.

(ഇ) ഉത്തരവുകളുടെ പകർപ്പ് ഇതോടൊപ്പം വയ്ക്കുന്നു.†

**കായംകുളം മണ്ഡലത്തിലെ പദ്ധതികൾ**

**108 (3749)** ശ്രീ. ജി സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം മണ്ഡലത്തിൽ 1999-2000-ാമാണ്ടിൽ നിലവിലുള്ള ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പദ്ധതികളിൽ കരാർ ഉറപ്പിച്ച് നൽകിയിട്ടുള്ളവ ഏതെല്ലാം അവയുടെ എസ്റ്റിമേറ്റ് തുകകൾ എത്ര വീതമെന്ന് വ്യക്തമാക്കുമോ ; കരാർ ഉറപ്പിച്ച് നൽകിയിട്ടുള്ള പദ്ധതികളിൽ ഇതുവരെ ചെലവഴിച്ച തുക എത്ര വീതമെന്ന് വെളിപ്പെടുത്തുമോ ;

(ബി) ബഡ്ജറ്റിൽ പണി ആരംഭിക്കുന്നതിന് ആവശ്യമായ തുക ഉണ്ടായിട്ടും പണി തുടങ്ങാത്ത വർക്കുകൾ ഇവയിൽ ഏതെല്ലാമാണ് ;

(സി) പണി തുടങ്ങാത്തതിന്റെ കാരണങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) കായംകുളം മണ്ഡലത്തിലെ ബഡ്ജറ്റ് വർക്കുകൾ സമയബന്ധിതമായി ആരംഭിക്കാനുള്ള ഉത്തരവാദിത്വം നിർവ്വഹിക്കാത്ത ഉദ്യോഗസ്ഥന്മാരോട് വിശദീകരണം ചോദിക്കുകയോ എന്തെങ്കിലും നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോ ?

ഉത്തരം

(എ-ഡി) മണ്ഡലം തിരിച്ച് വർക്കുകൾ വിലയിരുത്താറില്ല.

---

†അനുബന്ധം XV

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XV

30-3-2000-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 107 (3748)
ദയവായി കാണുക

GOVERNMENT OF KERALA

**ABSTRACT**

PUBLIC WORKS DEPARTMENT - PROVIDING ADDITIONAL FACILITIES TO PWD REST HOUSE, THODUPUZHA - SPECIAL SANCTION ACCORDED - ORDERS ISSUED.

**PUBLIC WORKS (E) DEPARTMENT**

G.O. (Rt.) 238/99/PWD *Dated, Thiruvananthapuram 11-3-1999*

*Read* 1. G.O. (Rt) 1327/97/PWD dated 10-11-1997

2. Letter No. B9.26673/97 dated 16-6-1998 from CE, B&LW, TVM

**ORDER**

As per the Government order read as 1st paper above Administrative Sanction was accorded for the work of providing additional facilities to the PWD Rest House, Thodupuzha with a direction to the immediate action for providing funds for the work in the next year's budget. Now the Chief Engineer, Building & Local Works, Thiruvananthpauram in his letter read as 2nd paper above has informed that the expenditure can be met from the Rs. 55.58 lakhs available as Chief Engineer's L.S. under the head of account "4059-60-051-86 for 98-99 and has requested for special sanction to take up the work.

2. Government have examined the proposal in detail and are pleased to accord special sanction to the work of providing additional facilities to PWD Rest House, Thodupuzha meeting the expenditure from the above head of account.

by Order of the Governor,
C.P. SREELATHA
*Additional Secretary.*

To,

The Chief Engineer, Building & Local Works, Thiruvananthapuram
The Accountant General (A & E), Audit, Thiruvananthapuram
Stock file

Office Copy.

LIBRARY ARCHIVES Kerala Legislative Assembly

GOVERNMENT OF KERALA

**ABSTRACT**

PWD-PROVIDING ADDITIONAL FACILITIES TO PWD REST HOUSE, THODUPUZHA-ADMINISTRATIVE SANCTION ACCORDED - ORDERS ISSUED -

**PUBLIC WORKS (E) DEPARTMENT**

G.O. (Rt.) No. 1327/97/PWD *Dated, Thiruvananthapuram 10-11-1997*

Read :- Letter No. B9.26673/97 dated 29-07-1997 from CE (B & LW) Thiruvananthapuram.

**ORDER**

Administrative Sanction is accorded for the proposed work of providing additional facilities to PWD Rest House, Thodupuzha. As there is no specific provision in this year's Budget, no expenditure will be incurred this year. Chief Engineer will take immediate action for providing funds for the work in the next year's Budget.

by Order of the Governor

C.P. SREELATHA

*Additional Secretary*

To,

The Chief Engineer, Buildings & Local Works

The Accountant General (A&E/Audit), Kerala, TVPM

Finance Department (Vide U.O. Note No. 66744/ Ind. & PWD1/ 97/fin. dated 18-9-1997

Stock File.

Office Copy.

937/2010

LIBRARY ARCHIVES Kerala Legislative Assembly